# “മരണ ശേഷവും പ്രതിഫലം ലഭിച്ചു കൊണ്ടേയിരിക്കുന്ന പത്ത് കർമ്മങ്ങൾ”



وفقه الله
ഹംറാസ് ബിൻ ഹാരിസ്

# മരണ ശേഷവും പ്രതിഫലം ലഭിച്ചു കൊണ്ടേയിരിക്കുന്ന പത്ത് കർമങ്ങൾ

ഹംറാസ് ബിൻ ഹാരിസ്

(ശൈഖ് അബ്ദുർറസാഖ് ബിൻ അബ്ദിൽ മുഹ്സിൻ അബ്ബാദ് അൽ ബദ്ർ حفظهما الله യുടെ ലേഖനത്തിൽ നിന്ന്)

അല്ലാഹു ﷻ അവന്റെ അടിമകൾക്ക് നൽകുന്ന മഹത്തായ അനുഗ്രഹങ്ങളിൽ പെട്ടതാണ് അവർക്ക് ധാരാളം നന്മകൾ ഇഹലോകത്ത് വെച്ച് ചെയ്യാൻ അവസരം നൽകുകയും പിന്നീട് മരണ ശേഷവും അതിന്റെ പ്രതിഫലം അവർക്ക് ലഭിച്ചു കൊണ്ടേയിരിക്കുകയും ചെയ്യുക എന്നത്.

ഖബറിൽ കിടക്കുന്ന ഒരാൾക്ക് യഥാർത്ഥത്തിൽ അമലുകൾ ചെയ്യാനുള്ള അവസരമില്ല എന്ന് നമുക്കറിയാം. അവൻ അമലുകൾ ചെയ്യേണ്ട ഭവനത്തിൽ നിന്നും വിചാരണയുടെ ഭവനത്തിലേക്ക് എത്തിയിരിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ തൗഫീഖ് ലഭിച്ച ഒരുവന് മരണശേഷവും അവന്റെ ജീവിത കാലത്തെ അമലുകൾ വളർന്നു കൊണ്ടേയിരിക്കുകയും അതിന്റെ പ്രതിഫലം ഇരട്ടിച്ചു കൊണ്ടേയിരിക്കുകയും ചെയ്യും. എത്ര ആദരണീയമായ അവസ്ഥയാണിത്! എത്ര മനോഹരമായ പര്യവസാനമാണവർക്ക്!

ആരൊക്കെയാണ് ആ ഭാഗ്യവാന്മാർ? ഏതൊക്കെ അമലുകൾക്കാണ് ഈ ശ്രേഷ്ഠതയുള്ളത്?

അല്ലാഹു ആ മഹാ ഭാഗ്യവാൻമാരിൽ നമ്മെ ഏവരെയും ഉൾപ്പെടുത്തുമാറാകട്ടെ.

അത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കി കൊണ്ട് നബി ﷺ യിൽ നിന്നും ഏതാനും ഹദീസുകൾ സ്ഥിരപെട്ടു വന്നിട്ടുണ്ട്. അഥവാ ജീവിതകാലത്ത് നാം ചെയ്തു വെച്ച പരിശ്രമങ്ങൾക്ക് മരണശേഷവും അതിന്റെ പ്രതിഫലം മുറിഞ്ഞു പോകാതെ ബാക്കിയാകുന്ന പ്രവർത്തനങ്ങൾ. ആ മനോഹരമായ ഹദീസുകൾ വായിച്ചതിന് ശേഷം നമുക്ക് വിശദീകരണത്തിലേക്ക് പോകാം.

«سبعٌ يجري للعبد أجرهن وهو في قبره بعد موته: من علَّم عِلْماً ، أو أجرى نهراً ، أو حَفَر بئراً ، أو غرس نخلاً أو بنى مسجداً ، أو ورَّث مصحفاً ، أو ترك ولداً يستغفر له بعد موته» (حسنه الألباني في ((صحيح الترغيب والترهيب)) )

അനസ് رضي الله عنه വിൽ നിന്നും ഉദ്ധരിക്കപ്പെട്ട ഹദീസിൽ കാണാം, നബി ﷺ പറഞ്ഞു: "മരണശേഷവും തന്റെ ഖബ്റിലേക്ക് പ്രതിഫലം

ഒഴുകിക്കൊണ്ടിരിക്കുന്ന ഏഴ് കാര്യങ്ങളുണ്ട്. ആരെങ്കിലും ഒരു അറിവ് പഠിപ്പിച്ചുകൊടുത്താൽ, അല്ലെങ്കിൽ ഒരു നദി ഒഴുക്കിയാൽ, അല്ലെങ്കിൽ ഒരു കിണർ കുഴിച്ച് കൊടുത്താൽ, അല്ലെങ്കിൽ ഒരു ഈന്തപ്പന നട്ടാൽ, അല്ലെങ്കിൽ ഒരു മസ്ജിദ് നിർമിക്കുകയോ ഒരു മുസ്ഹഫ് അനന്തരമായി നൽകുകയോ തന്റെ മരണശേഷം തനിക്ക് വേണ്ടി ഇസ്തിഗ്ഫാർ നടത്തുന്ന ഒരു സന്താനത്തെ വിട്ടേച്ച് പോവുകയോ ചെയ്താൽ (ഇവയുടെ പ്രതിഫലം തന്റെ ഖബ്റിലേക്ക് ഒഴുകിക്കൊണ്ടിരിക്കും)."

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ ـ صلى الله عليه وسلم ـ " إِنَّ مِمَّا يَلْحَقُ الْمُؤْمِنَ مِنْ عَمَلِهِ وَحَسَنَاتِهِ بَعْدَ مَوْتِهِ عِلْمًا عَلَّمَهُ وَنَشَرَهُ وَوَلَدًا صَالِحًا تَرَكَهُ وَمُصْحَفًا وَرَّثَهُ أَوْ مَسْجِدًا بَنَاهُ أَوْ بَيْتًا لاِبْنِ السَّبِيلِ بَنَاهُ أَوْ نَهْرًا أَجْرَاهُ أَوْ صَدَقَةً أَخْرَجَهَا مِنْ مَالِهِ فِي صِحَّتِهِ وَحَيَاتِهِ يَلْحَقُهُ مِنْ بَعْدِ مَوْتِهِ " . (أخرجه ابن ماجه في سننه رقم ٢٤٢، حسنه الألباني في صحيح الجامع رقم ٢٢٣١)

അബൂഹുറൈറ ﵁ വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "സത്യവിശ്വാസിക്ക് തന്റെ മരണശേഷവും വന്നണയുന്ന അമലുകളിൽ പെട്ടതാണ് താൻ പഠിപ്പിച്ചതും പ്രചരിപ്പിച്ചതുമായ അറിവ്, താൻ (ദുൻയാവിൽ) ഉപേക്ഷിച്ച സ്വാലിഹായ സന്താനം, അല്ലെങ്കിൽ അനന്തരമാക്കിയ മുസ്ഹഫ്, അല്ലെങ്കിൽ നി4മ്മിച്ച മസ്ജിദ്, അല്ലെങ്കിൽ താൻ വഴി യാത്രക്കാ4ക്ക് വേണ്ടി നി4മ്മിച്ച വീട്, അല്ലെങ്കിൽ ഒഴുക്കിയ പുഴ, അല്ലെങ്കിൽ തന്റെ ജീവിത കാലത്തും ആരോഗ്യ സമയത്തും താൻ നൽകിയ സ്വദഖ എന്നിവയെല്ലാം. ഇവ അവന്റെ മരണശേഷവും അവന്റെയടുത്ത് വന്നുചേരുന്നതാണ്."

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : إِذَا مَاتَ الإِنْسَانُ انْقَطَعَ عَنْهُ عَمَلُهُ إِلاَّ مِنْ ثَلاَثَةٍ إِلاَّ مِنْ صَدَقَةٍ جَارِيَةٍ أَوْ عِلْمٍ يُنْتَفَعُ بِهِ أَوْ وَلَدٍ صَالِحٍ يَدْعُو لَهُ

അബൂഹുറൈറയിൽ ﵁ നിന്ന് നിവേദനം: റസൂൽ ﷺ പറഞ്ഞു: "മനുഷ്യൻ മരണപ്പെട്ടു കഴിഞ്ഞാൽ മൂന്ന് കർമങ്ങളൊഴികെ അവനിൽ നിന്ന് മുറിഞ്ഞു പോകുന്നതാണ്. നിലനിൽക്കുന്ന ദാനധർമ്മം, ഉപകാരപ്രദമായ വിജ്ഞാനം, അവനുവേണ്ടി പ്രാർത്ഥിക്കുന്ന നല്ലവരായ സന്താനം എന്നിവയാണത്."

മുകളിലുള്ള ഹദീസുകളിൽ തന്നെ

വ്യത്യസ്തമായ അമലുകൾ വന്നതിനാൽ ഈ ശ്രേഷ്ഠത അവയിൽ മാത്രം പരിമിതപ്പെടുന്നതല്ല എന്നത് വ്യക്തമാണ്. അഥവാ ഒരുപാട് കർമ്മങ്ങൾക്ക് മരണ ശേഷവും പ്രതിഫലം ലഭിക്കുന്നതായുണ്ട് എന്നർത്ഥം.

സ്വന്തത്തോട് ഗുണകാംക്ഷയുള്ള ഒരു മുസ്ലിം ശരിക്ക് ചിന്തിക്കുകയാണെങ്കിൽ ഇങ്ങനെയുള്ള അമലുകളിൽ നിന്ന് ഓരോഹരി തന്റെ ആയുസ്സ് തീരുന്നതിന് മുമ്പ് തനിക്കും ലഭിക്കാൻ വേണ്ടി പരിശ്രമിക്കുന്നതായിരിക്കും.

ഒരിക്കൽ ഒരാളെ ഉപദേശിക്കവെ നബി ﷺ പറഞ്ഞു:

اغتنِمْ خمسًا قبل خمسٍ: شبابَك قبل هَرَمِك، وصِحَّتَك قبل سَقَمِك، وغناك قبل فقرِك، وفراغَك قبل شُغلِك، وحياتَك قبل موتِك (صححه الألباني في صحيح الجامع ١٠٧٧)

"നീ അഞ്ച് കാര്യങ്ങൾക്ക് മുമ്പായി അഞ്ച് കാര്യങ്ങൾ ഉപയോഗപ്പെടുത്തുക: നിന്റെ വാർദ്ധക്യത്തിന് മുമ്പായി നിന്റെ യുവത്വത്തെ, നിനക്ക് രോഗം വരുന്നതിന് മുമ്പായി നിന്റെ ആരോഗ്യത്തെ, നിനക്ക് ദാരിദ്ര്യം വരുന്നതിന് മുമ്പായി നിന്റെ ധന്യതയെ, നിനക്ക് തിരക്ക് വരുന്നതിന് മുമ്പ് നിന്റെ ഒഴിവ് സമയത്തെ, നിന്റെ മരണത്തിന് മുമ്പായി നിന്റെ ജീവിതത്തെ"

ഈ ഹദീസുകളിൽ നിന്ന് മരണ ശേഷവും പ്രതിഫലം ലഭിച്ചു കൊണ്ടേയിരിക്കുന്ന പത്ത് കർ

മങ്ങളാണ് ബഹുമാന്യ പണ്ഡിതൻ അബ്ദുർറസാഖ് അൽ ബദ്ർ حفظـه الله ഒരുമിച്ച് കൂട്ടിയിട്ടുള്ളത്. അനസ് ബിൻ മാലിക്ﷺവിന്റെ ഹദീസിൽ വന്ന ഏഴ് കർമ്മങ്ങളും മറ്റുള്ള ഹദീസുകളിൽ നിന്ന് ബാക്കി മൂന്നെണ്ണവും. അതോടൊപ്പം ഓരോ കർമ്മത്തിൽ നിന്നും ഈ കാലത്ത് അതിനോട് തുലനം ചെയ്യാവുന്ന കർമ്മങ്ങളെ കുറിച്ചും പ്രതിപാദിച്ചത് അമലുകൾക്ക് വേണ്ടി പരിശ്രമിക്കുന്നവർക്ക് ഏറെ മുതൽക്കൂട്ടാകുന്ന കാര്യമാണ്.

നമ്മുടെ തുലാസ്സിൽ ഖനം തൂങ്ങുന്ന കർമങ്ങളാക്കി അവയെ മാറ്റാൻ നമുക്കേവർക്കും അല്ലാഹു തൗഫീഖ് ചെയ്യുമാറാകട്ടെ.

**1. അറിവ് പഠിപ്പിക്കൽ:**

അല്ലാഹുവിന്റെ അമ്പിയാക്കൾ മുഴുവനും ചെയ്തിട്ടുള്ള മഹത്തരമായ ഇബാദത്താണ് ജനങ്ങൾക്ക് അറിവ് പകർന്ന് നൽകുക എന്നത്. ജനങ്ങൾക്ക് ശരിയായ ദീൻ എന്താണെന്ന് കാണിച്ച് കൊടുക്കാനും, വഴിപിഴച്ചു പോയവരെ യഥാർത്ഥ പാതയിലേക്ക് തിരികെ വിളിക്കാനും സാധിക്കുന്നത് അറിവുള്ളവർക്ക് മാത്രമാണ്. അറിവിലൂടെയാണ് സത്യവും അസത്യവും വേർതിരിക്കപ്പെടുന്നത്. തൗഹീദും ശിർക്കും വേർതിരിച്ച് മനസ്സിലാക്കാനും, ബിദ്അത്തുകളിൽ നിന്ന് സുന്നത്തിനെ മനസ്സിലാക്കാനും, ഹറാമുകളിൽ നിന്ന് അകലാനും, അല്ലാഹുവിലേക്ക് അടുക്കാൻ സാധിക്കുന്ന പുണ്യങ്ങൾ ചെയ്യാനുമൊക്കെ അറിവ് അത്യാവശ്യമാണ്.

പണ്ഡിതന്മാരിൽ ഒരാൾ മരണപ്പെട്ടു കഴിഞ്ഞാലും അവരുടെ അറിവ് ഭൂമിയിൽ അനന്തരമായി ബാക്കിയാകുന്നു. അതുകൊണ്ട് ആളുകൾ അമൽ ചെയ്യുന്ന കാലത്തോളം ആ പണ്ഡിതന് അതിനുള്ള പ്രതിഫലം ലഭിച്ചു കൊണ്ടേയിരിക്കുകയാണ്.

ശൈഖ് അൽബാനിﷺ സിൽസിലത്തുൽ സ്വഹീഹയിൽ(1335)ഉദ്ധരിച്ച ഒരു ഹദീസിൽ കാണാം

നബിﷺ പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിന്റെ കിതാബിൽ നിന്നും ഒരു ആയത് പഠിപ്പിച്ചാൽ അത് പാരായണം ചെയ്യപ്പെടുന്ന കാലത്തോളം അവന് പ്രതിഫലം ലഭിക്കുന്നതാണ്" മുമ്പ് കാലത്ത് പറയുമായിരുന്നു; ഒരു പണ്ഡിതൻ മരിച്ചാൽ അയാളുടെ കിതാബുകൾ ബാക്കിയായുണ്ടെന്ന്. എന്നാൽ ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ദർസുകളും, ഖുതുബകളും, പ്രഭാഷണങ്ങളുമെല്ലാം തന്നെ ലഭ്യമാണ്. അദ്ദേഹത്തോടൊപ്പം ഇരുന്ന് പഠിക്കാൻ സാധിക്കാത്തവർക്ക് അത് കേൾക്കാനും വായിക്കാനുമൊക്കെ സാധിക്കുന്നു. നിങ്ങൾ ചിന്തിച്ച് നോക്കൂ പൂർവ്വകാല ഇമാമീങ്ങളെ കുറിച്ച്, അവർ മണ്ണിനടിയിൽ ഖബറിലായിട്ട് നൂറ്റാണ്ടുകളായി പക്ഷേ അവരുടെ നാമങ്ങൾ ഇന്നും സ്മരിക്കപ്പെടുകയാണ്! അവർക്ക് വേണ്ടി കാരുണ്യം ചോദിച്ച് കൊണ്ടിരിക്കുകയാണ്! അവർ നമ്മോടൊപ്പം ഇവിടെ ജീവിക്കുന്നത് പോലെ!

قال الإمام ابن الجوزي رحمه الله
من أحبه ألا ينقطع عمله بعد موته
فلينشر العلم!

ഇമാം ഇബ്നുൽ ജൗസി (ﷺ) പറഞ്ഞു :മരണശേഷവും തന്റെ അമലുകൾ നിലക്കരുതെന്ന് ആഗ്രഹിക്കുന്നവൻ അറിവ് പ്രചരിപ്പിച്ചുകൊള്ളട്ടെ! [അത്തദ്കിറ :പേജ്-55]

പണ്ഡിതമാരുടെ ഗ്രന്ഥങ്ങൾ പ്രിന്റ് ചെയ്യാനും അത് പ്രചരിപ്പിക്കാനും പരിശ്രമിക്കുന്നവർക്കും അതിൽ നിന്നും വമ്പിച്ച ഓഹരി ലഭിക്കുന്നതാണ്. നാം കൊടുത്ത ഒരു തൗഹീദിന്റെ ലേഖനത്തിൽ നിന്ന് ഒരാൾ ശിർക്കിൽ നിന്നും രക്ഷപ്പെട്ടാൽ, നാം പറഞ്ഞു കൊടുത്ത ഒരു ഹദീസ് കേട്ട് കൊണ്ട് ഒരാൾ ഒരു കർമ്മം ആരംഭിച്ചാൽ, ഇതെല്ലാം നമുക്ക് വമ്പിച്ച പ്രതിഫലം ലഭിക്കാൻ കാരണമാകുന്ന കാര്യങ്ങളാണ്.

അത് കൊണ്ട് നന്മകൾ പ്രചരിപ്പിക്കുന്നതിൽ നാം ഉത്സാഹം കാണിക്കുക. നന്മ പിൻപറ്റിയവരുടെ പ്രതിഫലം അത് പ്രചരിപ്പിച്ചവർക്കുമുണ്ട് എന്ന കാര്യം എപ്പോഴും ഓർക്കുക.

**2. ഒഴുക്കിയ പുഴ:**

വെള്ളമെത്താത്ത സ്ഥലങ്ങളിൽ പുഴ വെട്ടി അവിടങ്ങളിലേക്ക് ജനങ്ങൾക്ക് കൃഷിക്കും, കാലികൾക്കുമൊക്കെ ആവശ്യമുള്ള വെള്ളം എത്തിക്കുക എന്നതാണ് ഇത് കൊണ്ടുദ്ദേശിക്കുന്നത്.

ഇത്തരം പ്രവർത്തനങ്ങളിലൂടെ എത്രയത്ര ജനങ്ങളുടെ പ്രയാസമാണ് ദുരീകരിക്കപ്പെടുന്നത്! ജീവന് ഏറ്റവും ആവശ്യമുള്ള വെള്ളം ആവശ്യക്കാരിലേക്ക് എത്തിച്ച് നൽകുക എന്നത് വളരെ മഹത്തരമായ പ്രവർത്തനമാണ്.

ഈ കാലഘട്ടത്തിൽ വെള്ളമില്ലാത്ത സ്ഥലങ്ങളിൽ പൈപ്പ് കണക്ഷനുകൾ ലഭ്യമാക്കുക എന്നതും ഇതിന് സമാനമായ പ്രവർത്തനമാണ്.

അതുപോലെ വാട്ടർ കൂളറുകൾ വെച്ച് കൊണ്ട് ജനങ്ങൾക്ക് കുടിക്കാൻ വെള്ളം നൽകുന്നതും, ജനങ്ങൾക്ക് ആവശ്യത്തിന് വെള്ളം ടാങ്കറുകളിൽ എത്തിച്ച് നൽകുന്നതുമൊക്കെ നമുക്ക് ചെയ്യാൻ സാധിക്കുന്ന നന്മകളാണ്.

നിന്റെ വെള്ളകുടത്തിൽ നിന്നും നിന്റെ സഹോദരന്റെ കുടത്തിലേക്ക് നീ വെള്ളം ഒഴിച്ച് നൽകുന്നതും സ്വദഖയാണ് എന്ന് നബി ﷺ പഠിപ്പിച്ചിട്ടുണ്ട്. അല്ല ഏറ്റവും ശ്രേഷ്ഠമായ ദാനധർമ്മം ഏതാണ് നബിയെ ﷺ എന്ന് സഅദ് ബിൻ ഉബാദ ؓ ചോദിച്ചപ്പോൾ അവിടുന്ന് മറുപടി നൽകിയത് വെള്ളം കുടിപ്പിക്കുക എന്നതാണ്.

സഹജീവികൾക്ക് ഉപകാരം മാത്രം ചെയ്യാൻ പഠിപ്പിച്ച എത്ര മനോഹരമായ ദീനാണ് നമ്മുടേത്. അല്ലാഹു അക്ബർ!

**3. കിണർ കുഴിക്കൽ:**

വെള്ളം ദാനം നൽകുന്നതിന്റെ ശ്രേഷ്ഠത നാം മുകളിൽ മനസ്സിലാക്കി. കിണറുകൾ അനേകം വർഷങ്ങൾ ആളുകൾക്ക് ഉപകരിക്കുന്ന ജലസ്രോതസ്സായി തീരുന്ന ഒന്നാണ്. അതുകൊണ്ടുണ്ടാകുന്ന ഉപകാരങ്ങൾ ഒട്ടനവധിയാണ്. മനുഷ്യരും, മൃഗങ്ങളും, പറവുകളുമെല്ലാം അതിന്റെ ഉപകാരം നുകരുന്നതാണ്.

നബി ﷺ യിൽ നിന്നും സ്ഥിരപ്പെട്ട ഒരു ഹദീസിൽ കാണാം അവിടുന്ന് പറഞ്ഞു:

“ഒരിക്കൽ ഒരാൾ വഴിയിൽ അങ്ങേയറ്റം ദാഹിച്ച് വലഞ്ഞു കൊണ്ട് നടക്കുകയായിരുന്നു. അങ്ങനെ അയാൾ ഒരു കിണർ കാണാനിടയായി. അയാൾ അതിലിറങ്ങി ദാഹമകറ്റി. പിന്നീട് പുറത്തിറങ്ങി നടക്കാൻ തുടങ്ങിയപ്പോൾ ഒരു നായ ദാഹിച്ച് മണ്ണ് തപ്പുന്നത് അയാൾ കണ്ടു. അയാൾ പറഞ്ഞു: ‘ഞാൻ നേരത്തെ അനുഭവിച്ച അതേ ദാഹമാണല്ലോ ഇതിന്!” അയാൾ കിണറ്റിലറങ്ങി തന്റെ ഷൂസിൽ വെള്ളം നിറച്ച് വായ കൊണ്ട് കടിച്ചു പിടിച്ച് മുകളിലേക്ക് കയറി ആ നായക്ക് വെള്ളം കൊടുത്തു. അല്ലാഹു അത് സ്വീകരിച്ചു കൊണ്ട് അയാളുടെ പാപങ്ങൾ പൊറുത്തു കൊടുത്തു” ഇതുകേട്ട സ്വഹാബത്ത് ചോദിച്ചു; അല്ലാഹുവിന്റെ റസൂലെ മൃഗങ്ങളുടെ വിഷയത്തിലും നമുക്ക് പ്രതിഫലമുണ്ടോ?

നബി ﷺ പറഞ്ഞു :”പച്ചക്കരളുള്ള സർവതിലും പ്രതിഫലമുണ്ട്”

നോക്കൂ ഇവിടെ ആ നായക്ക് വെള്ളം നൽകിയവന് അല്ലാഹു നൽകിയ പ്രതിഫലം എന്തായിരുന്നു ? അയാളുടെ പാപങ്ങൾ അല്ലാഹു പൊറുത്തു കൊടുത്തു എന്നതാണ്. അപ്പോൾ ആ കിണർ കുഴിച്ചവന് ലഭിച്ച പ്രതിഫലമെന്തായിരിക്കും! അവനാണല്ലോ ഈ മഹത്തരമായ പ്രവർത്തനത്തിന് കാരണമായത്. എത്രയത്ര ജീവികൾക്ക് അതിൽ നിന്നും ഉപകാരം ലഭിച്ചിട്ടുണ്ടാകണം!!

നബി ﷺ പറഞ്ഞു: “ആരെങ്കിലും ഒരു കിണർ കുഴിക്കുകയും അതിൽ നിന്ന് പച്ചക്കരളുള്ള ദാഹിച്ച ജിന്നാകട്ടെ മനുഷ്യനാകട്ടെ വന്യ ജീവിയാകട്ടെ പറവകളാകട്ടെ അതിൽ നിന്ന് കുടിച്ചിട്ടില്ല ഖിയാമത് നാളിൽ അതുമുഖേന അല്ലാഹു അതിന് പ്രതിഫലം നൽകിയിട്ടല്ലാതെ”

(صححه الألباني في صحيح الترغيب ٢٨١)

**4. ഈന്തപ്പന നടൽ:**

മരങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ഉപകാരമുള്ളതും ശ്രേഷ്ഠതയുള്ളതും ഈന്തപ്പനക്കാണ് എന്ന് ഹദീസുകളിൽ സ്ഥിരപ്പെട്ടതാണ്. ഈന്തപ്പനക്ക് ഒരു മുസ്‌ലിമിനോട് സാദൃശ്യമുണ്ടെന്നും അതിന്റെ മുഴുവൻ ഭാഗങ്ങളും ഉപകാരമുള്ളതാണെന്നും ഹദീസുകളിലുണ്ട്.

ഇങ്ങനെയുള്ള ഒരു വൃക്ഷം ആരെങ്കിലും നട്ടുപിടിപ്പിക്കുകയും അതിന്റെ ഉപകാരം ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുന്നുവെങ്കിൽ അതിന്റെ ഉപകാരം ആളുകളിൽ നിലനിൽക്കുന്നിടത്തോളം കാലം അത് നട്ടവന് പ്രതിഫലം

ലഭിക്കുന്നതാണ്.

എന്നാൽ ഈ ശ്രേഷ്ഠത മറ്റ് മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുമുണ്ട്. ഈന്തപനക്കുള്ള പ്രത്യേകത കാരണത്താലാണ് ചില ഹദീസുകളിൽ അതെടുത്തു പറഞ്ഞിരിക്കുന്നത്.

ആരെങ്കിലും ഒരു വൃക്ഷം നടുകയും അതിന്റെ ഉപകാരം മനുഷ്യനോ മൃഗങ്ങൾക്കോ പറവകൾക്കോ ലഭിക്കുന്നെങ്കിൽ അത് സ്വദഖയാണ് എന്ന് ഹദീസിൽ സ്ഥിരപ്പെട്ടിട്ടുണ്ട്.

**5. മസ്ജിദുകൾ നിർമ്മിക്കൽ:**

ഭൂമിയിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലം മസ്ജിദുകളാണ്. അത് പരിപാലിക്കുന്നത് ഏറ്റവും മഹത്തരമായ പ്രവർത്തനവുമാണ്.

ഒരുവൻ ഒരു മസ്ജിദ് നിർമിച്ചാൽ അവിടെ നടക്കുന്ന മുഴുവൻ ഇബാദത്തുകളുടെയും ഒരോഹരി അവന് ലഭിക്കുന്നതാണ്!

മസ്ജിദുകളിൽ ആളുകൾ നിസ്കരിക്കുന്നു, ദുആകൾ ചെയ്യുന്നു, ദിക്ർ ചൊല്ലുന്നു, ഇഅതികാഫ് ഇരിക്കുന്നു, ഇൽമിന്റെ സദസ്സുകൾ നടക്കുന്നു. ഇതിനുള്ള പ്രതിഫലമെല്ലാം അത് നിർമിച്ചവന് ലഭിക്കുമെന്ന് പറഞ്ഞാൽ സുബ്ഹാനലാഹ്! തീർന്നില്ല

നബി ﷺ പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിന്റെ വജ്ഹ് ഉദ്ദേശിച്ചു കൊണ്ട് ഒരു മസ്ജിദ് നിർമിച്ചാൽ അല്ലാഹു അവന് സ്വർഗത്തിൽ ഒരു ഭവനം പണിതു കൊടുക്കുന്നതാണ്"

ഇനി ഒരാൾ ചിന്തിക്കുകയാണ് എന്റെ കയ്യിൽ ഒരു മസ്ജിദ് പൂർണമായി ഉണ്ടാക്കാനുള്ള ലക്ഷങ്ങൾ കയ്യിലില്ലല്ലോ ഞാൻ എങ്ങനെ ഈ മഹത്തായ കർമ്മം ചെയ്യുമെന്ന്?

അവർ ഈ ഹദീസ് കൂടി കാതോർക്കട്ടെ

നബി ﷺ പറഞ്ഞു: "ആരെങ്കിലും ഒരു പക്ഷിയുടെ മുട്ടയിടുന്ന സ്ഥലത്തിന്റെ വലിപ്പമുള്ള അല്ലെങ്കിൽ അതിനേക്കാൾ ചെറിയ ഒരു മസ്ജിദ് അല്ലാഹുവിന് വേണ്ടി ഉണ്ടാക്കിയാൽ അല്ലാഹു അവന് സ്വർഗ്ഗത്തിൽ ഒരു ഭവനം നൽകുന്നതാണ്"

നോക്കൂ ഇവിടെ മസ്ജിദിന്റെ വലിപ്പമായി പറഞ്ഞത് യഥാർത്ഥത്തിൽ ഒരാൾക്ക് സുജൂദ് ചെയ്യാൻ കൂടി തികയാത്ത കുറഞ്ഞ സ്ഥലമാണ്. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് മസ്ജിദിന് വേണ്ടി ചിലവാക്കപ്പെടുന്ന ചെറിയ തുകക്ക് പോലും അല്ലാഹുവിന്റെയടുക്കൽ വലിയ സ്ഥാനമുണ്ടെന്നാണ്.

അത് കൊണ്ട് മസ്ജിദിന് വേണ്ടി എത്ര കുറഞ്ഞ തുകയാണെങ്കിലും ഇഖ്ലാസോടു കൂടി നാം ചിലവഴിക്കുക. ആ മസ്ജിദിൽ നടക്കുന്ന സൽകർമങ്ങളുടെ ഓരോഹരി മരണശേഷവും നമുക്ക് ലഭിക്കുന്നതാണ് إِنْ شَـاءَ اللهُ .

**6. അനന്തരമാക്കിയ മുസ്ഹഫ്**

അനന്തരമാക്കിയ മുസ്ഹഫ് എന്നതിൽ ഒരാളുടെ കാലശേഷം തന്റെ കുടുംബം അതുപയോഗിക്കുന്നതും അതുപോലെ മുസ്ഹഫ് പ്രിന്റ് ചെയ്ത് കൊണ്ട് മസ്ജിദിലോ, ഇസ്ലാമിക സ്ഥാപനങ്ങളിലോ മുസ്‌ലിമീങ്ങൾക്ക് ഉപകരിക്കുന്നതിന് വേണ്ടി വഖ്ഫ് ചെയ്യുന്നതും ഉൾപ്പെടുന്നതാണ്.

അപ്പോൾ ആരൊക്കെ ആ മുസ്ഹഫിൽ നിന്ന് ഖുർആൻ പാരായണം ചെയ്യുകയോ, ഉറ്റാലോചിക്കുകയോ, അതനുസരിച്ചു പ്രവർത്തിക്കുകയോ ചെയ്താൽ അത് നൽകിയവന് അതിൽ നിന്നും പ്രതിഫലം ലഭിക്കുന്നതാണ്.

**7. ദീനിചിട്ടയുള്ള സന്താനങ്ങളാക്കി മക്കളെ വളർത്തിയെടുക്കൽ:**

മക്കളെ ദീനിചിട്ടയിൽ വളർത്തുക എന്നത് മാതാപിതാക്കൾക്ക് നിർബന്ധ ബാധ്യതയാണ്. അല്ലാഹു ഏൽപ്പിച്ച അമാനത്താണ് മക്കൾ എന്നുള്ളത്. അമാനത്തുകൾ പാലിക്കുക എന്നത് വിശ്വാസികളുടെ മുഖമുദ്രയും.

മക്കളെ നന്നായി വളർത്തിയാൽ അത് കുടുംബത്തിലും സമൂഹത്തിലും ഉപകരിക്കുകയും അതിന്റെ ഫലമായി അവർ അവരുടെ മാതാപിതാക്കളോട് നന്മ ചെയ്യുന്നവരായി തീരുകയും ചെയ്യും. അങ്ങിനെയുള്ള കുട്ടികളിൽ നിന്നേ മരണ ശേഷം തനിക്ക് വേണ്ടി പ്രാർത്ഥിക്കാനും പാപമോചനം തേടാനും ഒരാൾ പ്രതീക്ഷിക്കേണ്ടതുള്ളൂ.

മയ്യിത്തിന് മരണ ശേഷം ഉപകാരം ലഭിക്കുന്ന കാര്യങ്ങൾ പറയുന്ന മിക്ക ഹദീസിലും മക്കളുടെ ദുആ പ്രത്യേകം പറഞ്ഞത് നാം ശ്രദ്ധയോടെ ഓർക്കണം.

അബൂ ഹുറൈറ رضي الله عنه ഉദ്ധരിക്കുന്ന ഹദീസിൽ കാണാം നബി ﷺ പറഞ്ഞു: "ഒരു മനുഷ്യന് സ്വർഗ

ത്തിൽ ഉന്നത പദവിയിൽ എത്തിയപ്പോൾ അയാൾ ചോദിക്കുകയുണ്ടായി: എങ്ങിനെയാണ് ഇത്? അപ്പോൾ അയാളോട് പറയപ്പെടുന്നത്: നിന്റെ കുട്ടിയുടെ ഇസ്തിഗ്ഫാർ കാരണത്താലെന്നാണ്." (حسّنه الألباني في السلسلة الصحيحة ١٠٩٨)

**8. വഴി യാത്രക്കാ4ക്ക് വേണ്ടി നി4മ്മിച്ച വീട്:**

മുസ്‌ലിമീങ്ങൾക്ക് വേണ്ടി ഒരു കെട്ടിടം ഉണ്ടാക്കുകയും അത് വഖ്ഫ് ചെയ്യുകയും ചെയ്യുന്നത് വളരെയധികം പുണ്യമുള്ള കാര്യമാണ്. അത് വഴിയാത്രക്കാർക്ക് വിശ്രമിക്കാനുള്ള ഒരു കേന്ദ്രമായോ, മത വിദ്യാർത്ഥികൾക്ക് താമസിക്കാനുള്ള ഭവനമായോ, യതീം മക്കളെയോ വിധവകളെയോ സംരക്ഷിക്കാനുള്ള മന്ദിരമായാ എന്തുമാകട്ടെ മുസ്‌ലിമീങ്ങൾക്ക് അവരുടെ ദീനിനും ദുനിയാവിനും ഉപകരിക്കുന്ന കാര്യമാണെങ്കിൽ അതിന് വലിയ പ്രതിഫലമുണ്ട്.

മുസ്‌ലിമീങ്ങൾക്ക് വേണ്ടി ആശുപത്രികൾ പണിയുന്നതും, മയ്യിത്ത് മറമാടാനുള്ള സ്ഥലം വഖ്ഫ് ചെയ്യുന്നതുമൊക്കെ ഇതിൽ ഉൾപ്പെടുന്നതാണ്.

**9. മുസ്‌ലിമീങ്ങളുടെ അതിർത്തി സംരക്ഷിക്കുന്ന ഭടൻമാർ:**

ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്ന് മുസ്‌ലിമീങ്ങളുടെ രക്തവും, സമ്പത്തും, അഭിമാനവുമെല്ലാം സംരക്ഷിക്കുന്ന നായകൻമാർക്ക് വലിയ പ്രതിഫലമുണ്ട്.

ഒരു ദിവസത്തെ സംരക്ഷണം തന്നെ ഒരു മാസത്തെ നോമ്പും ഒരു മാസത്തെ നിസ്കാരത്തിനും തുല്യമാണ്. അവർ അതിൽ മരണപെട്ടാൽ അവർ ചെയ്യുന്ന സൽകർമ്മങ്ങളുടെ പ്രതിഫലം നിലക്കുകയില്ല, അല്ലാഹുവിന്റെയടുക്കൽ ഉപജീവനവും ഖബർ ശിക്ഷയിൽ നിന്നുള്ള സംരക്ഷണവും അവർക്കുണ്ട്.

**10. ജാരിയായ സ്വദഖകൾ:**

ഒരു മുസ്‌ലിം തന്റെ സമ്പത്ത് സ്വദഖ ചെയ്യുകയും അതിന്റെ ഉപയോഗം ദീർഘകാലം നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ അത് ജാരിയായ സ്വദഖയാണ്.

പൊതുവായ ആവശ്യത്തിന് ഭൂമി വഖ്ഫ് ചെയ്യുക, ഹോസ്പിറ്റലുകൾ, സ്കൂളുകൾ, മദ്രസകൾ, കിതാബുകൾ, കിണറുകൾ തുടങ്ങി എല്ലാ കാര്യങ്ങളും ഇതിൽ ഉൾപ്പെടുന്നതാണ്.

**അവസാനമായി..**

ഒരു വിശ്വാസി ഇത്തരം നന്മകളെ കുറിച്ചറിഞ്ഞാൽ വേഗത്തിൽ അതിലേക്ക് കുതിക്കുന്നതായിരിക്കും. അവന്റെ ജീവിതകാലത്ത് തന്നെ ആരോഗ്യം നിലനിൽക്കുമ്പോൾ തന്നെ ഇത്തരം കാര്യങ്ങൾ ആഖിറത്തിന് വേണ്ടി ഒരുക്കാൻ അവൻ ധൃതിപ്പെടും. കാരണം എപ്പോഴാണ് മരണം അവനിലേക്ക് വന്നെത്തുക എന്നവനറിയുകയില്ലല്ലോ. റൂഹ് തൊണ്ടക്കുഴിയിൽ എത്തിയാൽ അവൻ ചെയ്യുന്ന വസിയ്യത്തുകൾ കൊണ്ട് ഉപകാരമില്ലതാനും.

അതുപോലെ താൻ ബാക്കി വെക്കുന്ന നന്മകൾക്ക് പ്രതിഫലമുള്ളത് പോലെ തന്നെ ബാക്കിവെച്ച തിന്മകൾക്കും ശിക്ഷയുണ്ട് എന്ന് തിരിച്ചറിയേണ്ടതുണ്ട്. സോഷ്യൽ മീഡിയകളിൽ തിന്മകൾ പ്രചരിപ്പിക്കുന്നവർ, തിന്മകൾ ആളുകളെ പഠിപ്പിക്കുന്നവർ, അങ്ങിനെ ആരൊക്കെ ഇയാൾ മുഖേന പിഴക്കുന്നുവോ അതിന്റെ ശിക്ഷയുടെ ഓഹരിയും അത് ആദ്യമായി പ്രചരിപ്പിച്ചവനുണ്ട് എന്ന ഗൗരവം തിരിച്ചറിയണം.

അല്ലാഹു പറഞ്ഞു:

إِنَّا نَحْنُ نُحْيِ ٱلْمَوْتَىٰ وَنَكْتُبُ مَا قَدَّمُوا۟
وَءَاثَٰرَهُمْ ۚ وَكُلَّ شَىْءٍ أَحْصَيْنَٰهُ فِىٓ إِمَامٍ مُّبِينٍ

തീർച്ചയായും നാം തന്നെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നത്. അവർ ചെയ്തു വെച്ചതും അവരുടെ (പ്രവർത്തനങ്ങളുടെ) അനന്തരഫലങ്ങളും നാം എഴുതിവെക്കുകയും ചെയ്യുന്നു. എല്ലാകാര്യങ്ങളും വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെടുത്തി വെച്ചിരിക്കുന്നു. (സൂറ യാസീൻ:12)

അല്ലാഹു നന്മകളുടെ താക്കോലുകളാകാനും തിന്മകളെ കൊട്ടിയടക്കുന്നവരാകാനും നമുക്ക് തൗഫീഖ് ചെയ്യുമാറാകട്ടെ.